George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 1084/2023 26.10.2023

**റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിനെക്കുറിച്ചുള്ള രണ്ടാമത്തെ കത്ത്**

മിശിഹായിൽ പ്രിയ മെത്രാപ്പോലീത്താമാരേ, മെത്രാന്മാരേ, വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ,

ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ!

വത്തിക്കാനിൽ നടന്നുകൊണ്ടിരിക്കുന്ന ആഗോളസിനഡിന്റെ രണ്ടാമത്തെ ആഴ്ചയിൽ, ചർച്ചയ്ക്കും വിവേചനത്തിനുമുള്ള വിഷയം 'ദൗത്യം' (Mission) എന്നതായിരുന്നു. ലോകത്തിൽ മിശിഹായുടെ ദൗത്യം തുടരാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത്. സഭ നിലനിൽക്കുന്നതുതന്നെ ഒരു ദൗത്യനിർവഹണത്തിനാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'തിരുസഭ' (*Lumen Gentium*) എന്ന പ്രമാണരേഖ ഈ ദൗത്യത്തെ ഇപ്രകാരം വിശദീകരിക്കുന്നു: "സഭ നിലനില്ക്കുന്നതു സുവിശേഷവത്ക്കരണത്തിനായാണ്. അതായത്, പ്രസംഗിക്കാനും പഠിപ്പിക്കാനും കൃപയുടെ നീർച്ചാലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും മിശിഹായുടെ ജീവിതത്തിന്റെയും മരണത്തിന്റെയും മഹത്തായ പുനരുത്ഥാനത്തിന്റെയും സ്മാരകമായ പെസഹാരഹസ്യങ്ങൾ ഉജ്ജീവിപ്പിക്കാനുമാണത്' (നം. 17). വിശുദ്ധ പോൾ ആറാമൻ മാർപാപ്പ 'എക്ലേസിയാം സുവാം' എന്ന ചാക്രികലേഖനത്തിൽ ഇതുതന്നെ ആവർത്തിക്കുന്നു: "സഭ എങ്ങനെ ആയിരുന്നുവോ അതുപോലെതന്നെ വിമോചകന്റെ സന്ദേശങ്ങൾക്കു പുതുജീവൻ നൽകാൻ സമകാലീനമാനവികതയുടെ ലോകത്തേക്കു ചുവടുവെച്ചു സുമനസുള്ള എല്ലാ സ്ത്രീകളോടും പുരുഷന്മാരോടും സംവദിക്കാൻ തയ്യാറാവണം" (നം. 17).

സഭയുടെ ഈ ദൗത്യം സിനഡാത്മകമായാണു നിറവേറ്റേണ്ടത്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ സുവിശേഷം പ്രസംഗിക്കാനും അവിടത്തെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംവഹിക്കാനും മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും അവിടത്തോടുചേർന്നു ഒരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. സഭയുടെ ഓരോ പ്രവൃത്തിയിലും ദൈവാത്മാവിനെ ശ്രവിക്കുക എന്നതു സിനഡൽ രീതിയുടെ ഒരു സവിശേഷതയാണ്. സഭയിലെ എല്ലാ അംഗങ്ങളും പരസ്പരം ശ്രവിക്കുകയും തങ്ങൾക്കിടയിൽ നല്ല ബന്ധങ്ങളും സൗഹൃദങ്ങളും രൂപപ്പെടുത്തുകയും വേണം. മിശിഹായുടെ സഭയിൽ എല്ലാവരും തുല്യരായതുകൊണ്ട് തുല്യമായി ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം. കൂദാശകളിൽനിന്നു ലഭിക്കുന്ന ദൈവകൃപ, പ്രത്യേകിച്ചു വിശുദ്ധ കുർബാനയുടെ ആഘോഷത്തിൽ പങ്കുവയ്ക്കപ്പെടുന്ന ഈശോയുടെ ജീവിതം, എല്ലാ ക്രിസ്ത്യാനികളെയും ഈശോമിശിഹായിലും ഈശോമിശിഹായിലൂടെയും ഒരു ശരീരം പടുത്തുയർത്താൻ പ്രാപ്തമാക്കണം. പ്രാർഥനയിൽ ആത്മാവിനെ ശ്രവിക്കുന്നതു മിശിഹായുമായുള്ള ഈ കൂട്ടായ്മയെ കൂടുതൽ മനോഹരമാക്കുന്നു.

പരിശുദ്ധാത്മാവിൽനിന്നു സ്വീകരിച്ച വരങ്ങൾക്കും ദാനങ്ങൾക്കും അനുസൃതമായി ഓരോ സഭാംഗവും ഈ ദൗത്യത്തിൽ പങ്കുചേരണം. സഭയിലെ എല്ലാ ദൈവവിളികളും ക്രൈസ്തവസമൂഹങ്ങൾ രൂപീകരിക്കുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനും സംയോജിതമായി പ്രവർത്തിക്കേണ്ടതുണ്ട്. ഒരു അംഗമോ ഏതാനും അംഗങ്ങളുടെ ഒരു സമൂഹമോ അവരുടെ വീക്ഷണങ്ങളും അഭിപ്രായങ്ങളും സഭയിലെ മറ്റ് അംഗങ്ങളുടെമേൽ അടിച്ചേല്പ്പിക്കാൻ പാടില്ല. സിനഡാത്മക വിവേചനത്തിനുശേഷം എടുക്കുന്ന എല്ലാ തീരുമാനങ്ങളും എല്ലാവരും പരിപൂർണമായ ഐക്യത്തിൽ അംഗീകരിക്കണം.

വിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നതുപോലെ പലതരത്തിലുള്ള വരങ്ങളും ദാനങ്ങളും ഉണ്ട്, എന്നാൽ, അവയെല്ലാം മിശിഹായുടെ ശരീരം പണിതുയർത്തുന്നതിനായി പ്രവർത്തിക്കണം. "ദാനങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും, ആത്മാവ് ഒന്നുതന്നെ. ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവൃത്തികളിൽ വൈവിധ്യം ഉണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോദനംനല്കുന്ന ദൈവം ഒന്നുതന്നെ. ഓരോരുത്തരിലും ആത്മാവു വെളിപ്പെടുന്നതു പൊതുനന്മക്കുവേണ്ടിയാണ്" (1 കോറി. 12:4-7).

സിനഡാത്മകരീതിയിൽ തുടർച്ചയായി നല്കുന്ന ബോധനം സഭയിലെ സിനഡാത്മക ജീവിതശൈലിയിലേക്കു കടന്നുവരാൻ കുട്ടികളെയും യുവജനങ്ങളെയും പ്രാപ്തരാക്കും. സ്ത്രീകൾക്കു സഭയിൽ പ്രത്യേക സ്ഥാനമുണ്ട്. സഭാസമൂഹത്തിന്റെ പ്രവർത്തനത്തിൽ പുരുഷന്മാരോടൊപ്പം അവർക്കു സജീവമായ പങ്കുണ്ടായിരിക്കണം. ഇന്ത്യയിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ സ്ത്രീകൾക്കു 33% സംവരണം നല്കുന്ന നിയമം അടുത്തകാലത്ത് ഇന്ത്യൻ പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയതായി നമുക്കറിയാം. നമ്മുടെ സഭ അതിന്റെ പ്രത്യേകനിയമത്തിൽ, ഇടവക പ്രതിനിധിയോഗത്തിലെ സ്ത്രീകളുടെ പങ്കാളിത്തം 30% ആകാമെന്നു നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, നമ്മുടെ സഭയിലെ മതബോധന, സാമൂഹിക, ജീവകാരുണ്യശുശ്രൂഷകളിൽ സ്ത്രീകൾ വലിയ പങ്കുവഹിക്കുന്നു. സമൂഹത്തിന്റെ രാഷ്ട്രീയ ഭരണരംഗങ്ങളിലും അവർ നല്ല സാക്ഷ്യം നല്കിക്കൊണ്ടിരിക്കുന്നു. സ്ത്രീകളുടെ ദൗത്യം സഭയിൽ ഇനിയും ശക്തിപ്പെടുത്തുന്നതിനു നാം ഒരുമിച്ചു ചിന്തിക്കുകയും വിവേചിക്കുകയും ചെയ്യേണ്ടതുണ്ട്.

സിനഡൽ വിചിന്തനങ്ങളെക്കുറിച്ചു ഇനി ഇന്ത്യയിൽ തിരിച്ചെത്തിയതിനുശേഷം നിങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കാമെന്നു കരുതുന്നു.

സ്നേഹപൂർവം,

+ GAlencherry

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH